# തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ. സജികുമാർ)

വിഷയം:- തസ്വഭവ – ജീവനക്കാര്യം – ശ്രീ. സഹാനുഭാവൻ. പി.കെ, രണ്ടാം തരം ഓവർസിയറുടെ സീനിയോരിറ്റി പുനർനിർണ്ണയം സംബന്ധിച്ച് –

സൂചന:
1) നോട്ടീസ് നം. ഇ22(ടെക്)481/14/സിഇ/തസ്വഭവ തീയതി 07.10.2015.
2) നോട്ടീസ് നം. ഇ22(ടെക്)481/14/സിഇ/തസ്വഭവ(2) തീയതി 04.12.2015.
3) നം. ഇ5/202/2009/സിഇ/തസ്വഭവ തീയതി 30.12.2009.
4) നം. എ5–561/95/വാള്യം(7) തീയതി 13.07.2007–സി.ഇ, ജലസേചന വകുപ്പ്
5) നം. എ3/246/2014 തീയതി 28.10.2015, ഇ.ഇ, തസ്വഭവ ഡിവിഷൻ, വയനാട്.
6) എ1–25/2014 തീയതി 07.10.2015, ഇ.ഇ, തസ്വഭവ ഡിവിഷൻ, കണ്ണൂർ

## ഉത്തരവ് നം. ഇ22(ടെക്) 481/14/സിഇ/തസ്വഭവ തീയതി 17.12.2015

ശ്രീ. പി.കെ. സഹാനുഭാവൻ, രണ്ടാംതരം ഓവർസിയർ, തസ്വഭവ സെക്ഷൻ, കല്ലിശ്ശേരി ഗ്രാമപഞ്ചായത്ത് ടിയാന്റെ സീനിയോരിറ്റി പുനർനിർണ്ണയം ചെയ്യുവാൻ മതിയായ രേഖകളോടെ സൂചന (6) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

ശ്രീ. പി.കെ. സഹാനുഭാവൻ ജലസേചനവകുപ്പിൽ മൂന്നാംതരം ഓവർസിയർ ആയി 26.03.1993–ൽ ജോലിയിൽ പ്രവേശിച്ചു. സൂചന (4) പ്രകാരം രണ്ടാംതരം ഓവർസിയറായി 22.08.2005 മുതൽ മുൻകാലപ്രാബല്യത്തോടെ പ്രൊമോഷൻ ലഭിച്ചു. അതിനുശേഷം ഈ വകുപ്പിലേക്ക് ടിയാൻ സ്ഥിരമായി പുനർവിന്യസിക്കപ്പെട്ടു. എന്നാൽ സൂചന (4) പ്രകാരം രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ സീനിയോരിറ്റി നിർണ്ണയിക്കുന്നതിന് തീയതി 22.08.2005 ആധാരമാക്കുന്നതിന് പകരം 13.07.2007 ആധാരമാക്കി റാങ്ക് 434 എന്ന് തെറ്റായി നിർണ്ണയിക്കപ്പെട്ടു. ശ്രീ. സഹാനുഭാവൻ. പി.കെ. സമർപ്പിച്ച രേഖകൾ ഈ വകുപ്പിലെ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ചപ്പോൾ 434 എന്ന് നിർണ്ണയിക്കപ്പെട്ട റാങ്ക് തെറ്റാണെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ റാങ്ക് 381(a) എന്നും, ശ്രീ. ബെന്നി ജോസഫിന്റെ റാങ്ക് 381(b) എന്നും നിർണ്ണയിച്ചുകൊണ്ടും അതിന്മേൽ പരാതികൾ ഉണ്ടെങ്കിൽ അവ ക്ഷണിച്ചുകൊണ്ടും മേൽസൂചന (2), (2) പ്രകാരം ഈ വകുപ്പിന്റെ വെബ്സൈറ്റ് മുഖേന അറിയിപ്പ് നൽകിയിരുന്നു. ശ്രീ. രാജൻ. സി.കെ, ഒന്നാംതരം ഓവർസിയർ സൂചന (5) പ്രകാരം റാങ്ക് നിർണ്ണയത്തിൽ തടസ്സം ഉന്നയിച്ചുകൊണ്ട് പരാതി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1) ശ്രീ. സഹാനുഭാവൻ. പി.കെ, രണ്ടാംതരം ഓവർസിയറും, ശ്രീ. രാജൻ. സി.കെ, ഒന്നാംതരം ഓവർസിയറുമാണ്. രണ്ടാംതരംഓവർസിയർമാരുടെ സീനിയോരിറ്റി

ലിസ്റ്റിലെ ശ്രീ. സഹാനുഭാവൻ. പി.കെ-യുടെ റാങ്ക് പുനർനിർണ്ണയിക്കുന്നതു കൊണ്ട് ഒന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ശ്രീ. സി.കെ. രാജന്റെ റാങ്കിന് യാതൊരുമാറ്റവും ഉണ്ടാകുന്നില്ല.

2) ശ്രീ. സഹാനുഭാവൻ. പി.കെ-യുടെ സീനിയോരിറ്റി നിർണ്ണയത്തിൽ പിഴവ് സംഭവിച്ചിട്ടുള്ളത് ഈ വകുപ്പിൽ നിന്നുമാണ്. ശ്രീ. രാജൻ. സി.കെ-യുടെ സീനിയോരിറ്റി നിർണ്ണയത്തിൽ ഈ വകുപ്പിൽ നിന്നും ഒരു പിഴവും സംഭവിച്ചിട്ടില്ല.

3) ശ്രീ. സഹാനുഭാവൻ. പി.കെ-യുടെ സീനിയോരിറ്റി പുനർനിർണ്ണയം അസാധുവാക്കുന്നതിന് മതിയായ രേഖകൾ ഒന്നുംതന്നെ ശ്രീ. രാജൻ. സി.കെ ഹാജരാക്കിയിട്ടില്ല.

ടി കാരണങ്ങളാൽ ശ്രീ. രാജൻ. സി.കെ-യുടെ പരാതി നിരാകരിക്കുന്നു. ടിയാന്റെ നിവേദനം ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതാണ്.

പ്രസ്തുത സാഹചര്യത്തിൽ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിലവിലെ 381(a), 434 എന്നീ റാങ്കുകൾ റദ്ദ് ചെയ്തശേഷം 381-ാം റാങ്കുകാരനായ ശ്രീ. ജോഷി ഇഗ്നേഷ്യസിനുശേഷം റാങ്ക് നമ്പർ 381(a) ആയി ശ്രീ. സഹാനുഭാവൻ. പി.കെ -യും, അതിനുശേഷം 381(b) ആയി ശ്രീ. ബെന്നി ജോസഫിനും റാങ്ക് പുനർനിർണ്ണയിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് മേൽപ്രസ്താവിക്കപ്പെട്ട തരത്തിൽ പുനഃക്രമീകരിച്ചിരിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) ശ്രീമാൻമാർ : സഹാനുഭാവൻ. പി.കെ, ബെന്നി ജോസഫ്, സി.കെ. രാജൻ
2) എല്ലാ നിയന്ത്രണാധികാരികൾക്കും
3) ഇ9 സെക്ഷന് - മേൽനടപടികൾക്കായി